**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 182 18.12.2012 ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ നിർമ്മാണവും ക്യാബിനറ്റ് തീരുമാനങ്ങളും

**ചോദ്യം**
ശ്രീ.പി.റ്റി.എ.റഹീം:
ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
ശ്രീ.എസ്.ശർമ്മ:
ശ്രീ.ബി.ഡി.ദേവസ്സി:

**ഉത്തരം**
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ നിർമ്മാണ ചുമതല ഇ.ശ്രീധരനും, ഡി.എം.ആർ. സി.ക്കും തന്നെ നൽകുന്നതിന് വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി ഡി.എം.ആർ.സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള മുഖ്യമന്ത്രി 24.10.2012 ൽ കേന്ദ്ര നഗര വികസന മന്ത്രി കമൽനാഥിനും പ്രധാനമന്ത്രിക്കും കത്തുകളയയ്ക്കുകയുണ്ടായി.<br>ഡൽഹിക്കു പുറത്തുള്ള ജോലികൾ ഏറ്റെടുക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി വേണമെന്ന് ഒക്ടോബർ 15-ന് ചേർന്ന ഡി.എം.ആർ.സി.ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തിരുന്നു. കൂടാതെ ഡൽഹിയിലെ പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതുള്ളതിനാലും നിലവിലുള്ള ലൈനുകളിലെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും ഡി.എം.ആർ.സിക്ക് ഡൽഹിക്കു പുറത്തുള്ള മറ്റു പദ്ധതികൾ ഏറ്റെടുക്കാൻ |

| | | | |
|---|---|---|---|
| | | | പ്രയാസമാണെന്ന് ഡൽഹി മുഖ്യമന്ത്രി കേരള മുഖ്യമന്ത്രിക്കയച്ച കത്തിൽ അറിയിക്കുകയുണ്ടായി. ഈ നിലപാടുകളുടെ വെളിച്ചത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ഡി.എം.ആർ.സി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | ഇത് സംബന്ധിച്ച് എത്ര പ്രാവശ്യം ക്യാബിനറ്റ് തീരുമാനം എടുത്തു; | (ബി) | ഒരു തവണ |
| (സി) | പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ക്യാബിനറ്റ് തീരുമാനങ്ങൾ അനുസരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; | (ഡി) യും (ഇ) യും | ക്യാബിനറ്റ് തീരുമാനം അനുസരിച്ച് അനന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (എഫ്) | ഉത്തരവ് പുറപ്പെടുവിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡി.എം.ആർ. സി.യെ ഏൽപ്പിക്കുവാൻ 28.3.2012 ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. പദ്ധതിയ്ക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അന്ന് ഒരു സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | കമ്പനിയായിരുന്നു. അതോടൊപ്പം കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ കേന്ദ്ര അനുമതിക്കുള്ള നടപടി ക്രമങ്ങളും നടക്കുകയായിരുന്നു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ 2012 ഏപ്രിൽ 27ാം തീയതിയിലെ കത്തിൽ, പദ്ധതിയുടെ അംഗീകാരത്തിനായുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതിനാലും കെ.എം.ആർ.എൽ എന്ന സംസ്ഥാന സർക്കാർ കമ്പനിയെ ഒരു കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനമായി ഉയർത്തുന്ന നടപടി ഒപ്പം പുരോഗമിക്കുന്നതിനാലും ഈ കമ്പനി മറ്റ് കമ്പനികളുമായോ കൺസൾട്ടന്റുമാരുമായോ ഏതെങ്കിലും വിധത്തിലുള്ള കരാർ വ്യവസ്ഥകളുമായി മുന്നോട്ട് പോകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. കേന്ദ്ര സർക്കാർ 2012 ജൂലൈ 12ാം തീയതി കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് അംഗീകാരം നൽകി. തുടർന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി 2012 സെപ്റ്റംബർ 11 ന് ഡയറക്ടർ ബോർഡ് പുനസംഘടിപ്പിച്ചു. ഒക്ടോബർ 19 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലാണ് പദ്ധതിയുടെ നിർമ്മാണ നിർവഹണം ഡി.എം.ആർ.സി യെ ഏൽപ്പിക്കാനുള്ള നിർദ്ദേശം വന്നത്. എന്നാൽ ഡൽഹിക്ക് പുറത്ത് ജോലികൾ ഏറ്റെടുക്കുന്നതിന് ഡി.എം.ആർ.സി ഡയറക്ടർ ബോർഡിന്റെ അനുമതി നിർബന്ധമാക്കിയതായി കെ.എം.ആർ.എൽ ഡയറക്ടർ ബോർഡിനെ അറിയിക്കുകയുണ്ടായി. മേൽ പറഞ്ഞ കാരണങ്ങളാലാണ് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്തത്. |
| (ജി) | എമർജിംഗ് കേരളയിൽ സ്വകാര്യ | (ജി) | ഇല്ല |

| | | | |
|---|---|---|---|
| | നിക്ഷേപകർക്കായി കൊച്ചി മെട്രോ ഉൾപ്പെടുത്തിയിരുന്നോ; | | |
| (എച്ച്) | എങ്കിൽ ഡി.എം.ആർ.സി.യെ ഏൽപ്പിക്കണമെന്ന കാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായി ഈ പദ്ധതി എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (എച്ച്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

Bonmmimu

13

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-03-2012.

ഇനം നം: 1428.

**വിഷയം :** കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് 'ടേൺ കീ' അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നത്.

**തീരുമാനം:** കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് 'ടേൺ കീ' അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിയ്ക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ.പി.പ്രഭാകരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

Section officer